പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 12 ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ - 30)

മറുപടി നൽകുന്ന മന്ത്രിമാർ

സഹകരണ വകുപ്പുമന്ത്രി
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

## സഹകരണ ബാങ്കുകൾ നേരിടുന്ന പ്രതിസന്ധികൾ

*271 ശ്രീ. ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രതിസന്ധി നേരിടാൻ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കാർഷിക പാക്കേജ്

*272 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, ജെയിംസ് മാത്യു
,, ബി. ഡി. ദേവസ്സി
ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോരജില്ലകളിൽ കാർഷിക പാക്കേജ് നടപ്പാക്കുന്നതിന് കേന്ദ്ര സഹായം തേടിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രം എന്ത് നിലപാട് സ്വീകരിച്ചു വെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം മേഖലകളിലെ കാർഷിക പാക്കേജിന് അധിക
സഹായം ലഭിക്കാനാണ് കേന്ദ്ര സഹായം അദ്യർത്ഥിച്ചത്;

(ഡി) വിദർഭ മാതൃകയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിൽ കാർഷിക പാക്കേജ് നടപ്പാക്കുന്നതിന് സംസ്ഥാനം കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ?

## മഹിളാ കിസാൻ ശാക്തീകരണ പദ്ധതി

*273 ശ്രീ. വി. റ്റി. ബൽറാം
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹിളാ കിസാൻ ശാക്തീകരണ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ പദ്ധതിക്ക് കേന്ദ്ര സഹായമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എത്ര കോടി രൂപയാണ് ഇതിന്റെ നടത്തിപ്പിന് വേണ്ടി വാഗ്ദാനം ചെയ്തിരിക്കുന്നത്;

(ഡി) എത്ര ലക്ഷം സ്ത്രീകൾക്കാണ് പദ്ധതി വഴി പരിശീലനം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

## അവശകലാകാര പെൻഷൻ

*274 ശ്രീ. പുരുഷൻ കടലുണ്ടി
,, കെ. വി. അബ്ദുൾ ഖാദർ
,, ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പേർക്കാണ് അവശകലാകാര പെൻഷൻ നൽകി വരുന്നത്;

(ബി) പ്രതിമാസ പെൻഷൻ തുക എത്ര വീതമാണ്; പെൻഷന് വേണ്ടി അപേക്ഷിച്ചിട്ടുള്ളവരിൽ ഇനിയും എത്ര പേർക്ക് അനുവദിച്ചു നൽകാനുണ്ട്;

(സി) മുഴുവൻ അപേക്ഷകർക്കും പെൻഷൻ അനുവദിക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; ഇപ്പോൾ നൽകി വരുന്ന പെൻഷൻ തുക വർദ്ധിപ്പിച്ചു നൽകുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

## നെൽ ഉല്പാദന മേഖലയുടെ സമഗ്രവികസനം

*275 ശ്രീ. രമേശ് ചെന്നിത്തല
,, റ്റി. എൻ. പ്രതാപൻ
,, വി.ഡി. സതീശൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) നെൽകർഷകർക്ക് വിത്ത്, വളം, സാങ്കേതിക സഹായങ്ങൾ, വായ്പ എന്നിവ യഥാസമയം ലഭിക്കാത്തതുകൊണ്ടും തൊഴിലാളികളുടെ സേവനം ആവശ്യാനുസരണം ലഭ്യമാകാത്തതിനാലും നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ സമഗ്ര കാർഷിക വികസനത്തിനും വളർച്ചയ്ക്കും സഹായകരമായ സാങ്കേതിക-വിദഗ്ദ്ധ ഉപദേശങ്ങൾ നൽകാൻ സാധിക്കുന്ന തരത്തിൽ കാർഷിക -ഗവേഷണ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനും മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനും ആവശ്യമായ നടപടികൾ പരിഗണിക്കുമോ;

(ഡി) കുട്ടനാടൻ പ്രദേശത്ത് യഥാസമയം കൊയ്ത്തു നടക്കാതെ വരുന്നതുമൂലം കർഷകർക്ക് നഷ്ടം ഉണ്ടാകുന്ന സാഹചര്യം തരണം ചെയ്യുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## പൊതുമാപ്പ് ലഭിക്കുന്നവരെ നാട്ടിൽ തിരിച്ചെത്തിക്കാൻ പദ്ധതി

*276 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ തടവിൽ കഴിയുന്ന പ്രവാസികളുടെ നിരപരാധിത്വം തെളിയിക്കുവാൻ എന്തെല്ലാം സഹായങ്ങളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഇതിനായി വിദേശ മലയാളി സംഘടനകളുടെ സഹായത്തോടെ നിയമ സഹായകേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പൊതുമാപ്പ് ലഭിക്കുന്നവരെ നാട്ടിൽ തിരിച്ചെത്തിക്കാൻ സംഘടനകളുടെ സഹായത്തോടെ പദ്ധതികൾ തയ്യാറാക്കുമോ ?

## ജനകീയ സാംസ്ക്കാരിക കൂട്ടായ്മകൾ

*277 ശ്രീ. ഇ. കെ. വിജയൻ
,, മുല്ലക്കര രത്നാകരൻ
,, ചിറ്റയം ഗോപകുമാർ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും**
**വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാചീനമായി നിലനിന്നിരുന്ന പല സാംസ്ക്കാരിക അടയാളങ്ങളും - നാടൻ കലകൾ, കാവുകൾ, പുരാവസ്തുക്കൾ, ആചാരാനുഷ്ഠാനങ്ങൾ, പ്രാചീന കേന്ദ്രങ്ങൾ മുതലായവ ഇപ്പോൾ പലതരം അപര്യാപ്തതകളാലും പുതുതലമുറയുടെ താല്പര്യമില്ലായ്മ മൂലവും നിലനിൽപ്പിന് ഭീഷണികൾ നേരിടുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സാംസ്ക്കാരിക അടയാളങ്ങളെ പുനരുജ്ജീവിപ്പിക്കാനും സംരക്ഷിക്കുവാനും തലമുറകളിലേയ്ക്ക് കൈമാറാനും ഉതകുന്ന വിധത്തിൽ പ്രാദേശിക തലങ്ങളിൽ ജനകീയ സാംസ്ക്കാരിക കൂട്ടായ്മകൾ സംഘടിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതി ആവിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി സാംസ്ക്കാരിക സ്ഥാപനങ്ങളേയും സന്നദ്ധ പ്രസ്ഥാനങ്ങളേയും സഹകരിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

## ഫോക്‌ലോർ അക്കാദമി

*278 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാടൻകലകളുടെ പഠനഗവേഷണങ്ങൾക്ക് നിലവിൽ എന്തൊക്കെ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) സംസ്ഥാന ഫോക്‌ലോർ അക്കാദമിയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് പദ്ധതികൾ നിലവിലുണ്ടോ;

(സി) തിരുവിതാംകൂറിലെ നാടൻകലാരൂപങ്ങൾ സംരക്ഷിക്കുന്നതിനുള്ള തിരുവിതാംകൂർ ഫോക്‌ലോർ ഗ്രാമത്തിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) നാടൻകലാ രൂപങ്ങളുടെ സംരക്ഷണ-പഠന-ഗവേഷണ മേഖലകൾക്ക് പ്രയോജനകരമാകുന്ന എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

## സഹകരണ വായ്പാ സംഘങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം

*279 ശ്രീ. ബാബു എം. പാലിശ്ശേരി
,, പി. ശ്രീരാമകൃഷ്ണൻ
,, എ. പ്രദീപ്കുമാർ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വായ്പാ സംഘങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിനും സോഫ്റ്റ്‌വെയർ ഉപയോഗത്തിനും പൊതുവായ നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനത്തിന് അനുയോജ്യമായ സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ടോ;: എങ്കിൽ വിശദമാക്കാമോ;

(സി) കമ്പ്യൂട്ടർവൽക്കരിക്കാതെ ഏതെങ്കിലും സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ?

## ഐ.ടി.ഐ. പഠന നിലവാരം ഉയർത്താൻ സംവിധാനങ്ങൾ

*280 ശ്രീ. പി. ഉബൈദുള്ള
,, വി.എം. ഉമ്മർ മാസ്റ്റർ
,, പി.കെ. ബഷീർ
,, കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ. പഠനനിലവാരം ഉയർത്താനും പഠന വിഷയങ്ങളിൽ കാലാനുസൃത മാറ്റം വരുത്താനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിനകത്ത് ഐ.ടി.ഐ. പഠനം പൂർത്തിയാക്കുന്നവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പദ്ധതികളെന്തെങ്കിലും ആലോചനയിലുണ്ടോ;

(സി) ഐ.ടി.ഐ. പഠനം പൂർത്തിയാക്കി പുറത്തുവരുന്നവരുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കുകയും, സ്വദേശത്തും വിദേശത്തും ലഭ്യമാകുന്ന തൊഴിലവസരങ്ങൾ കണ്ടെത്തി അവർക്ക് മാർഗ്ഗ നിർദ്ദേശം നൽകാനുള്ള സംവിധാനമെന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരമൊരു സംവിധാനം ഏർപ്പെടുത്തുമോ?

## തൊഴിലാളി, പൊതുജന സൗഹൃദം നിലനിർത്തുന്നതിന് നടപടി

*281 ശ്രീ. എം. ഉമ്മർ
,, സി. മോയിൻകുട്ടി
,, എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള പരാതികൾ നല്കുന്നതിനും, അവയ്ക്ക് സത്വര പരിഹാരം കാണുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ;

(ബി) അട്ടിമറി, നോക്കുകൂലി എന്നിവ സംബന്ധിച്ച പരാതികളിന്മേൽ സ്വീകരിച്ചുവരുന്ന നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) വീട്ടുപകരണങ്ങളും, ഉടമസ്ഥന്റെ താമസാവശ്യത്തിനുള്ള ഗൃഹനിർമ്മാണ സാമഗ്രികളും വാഹനത്തിൽ കയറ്റുന്നതിനും ഇറക്കുന്നതിനും അട്ടിമറിക്കൂലി നിർബന്ധമാക്കിയിട്ടുണ്ടോ;

(ഡി) കയറ്റിറക്കുകൂലി നിരക്ക് തൊഴിലാളി കേന്ദ്രങ്ങളിലെല്ലാം പ്രദർശിപ്പിക്കുന്നതിനും, അതനുസരിച്ചുള്ള രസീത് നിർബന്ധമാക്കി, തൊഴിലാളി പൊതുജന സൗഹൃദം നിലനിർത്തുന്നതിനും നടപടി സ്വീകരിക്കുമോ?

## ഭക്ഷ്യഎണ്ണ ഇറക്കുമതി

*282 ശ്രീ. എസ്. ശർമ്മ
,, പി. കെ. ഗുരുദാസൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാമോയിൽ ഉൾപ്പെടെയുളള ഭക്ഷ്യഎണ്ണ ഇറക്കുമതിയിൽ വൻവർദ്ധന ഉണ്ടായിരിക്കുന്നതും ഇതിൽ സംസ്ഥാനത്തെ കർഷകർ കടുത്ത ആശങ്കയിലായിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാമോയിൽ ഇറക്കുമതി നിർബാധം തുടരുന്നത്, സംസ്ഥാനത്തെ നാളികേര കൃഷിക്കാരെ സാരമായി ബാധിക്കുമെന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇറക്കുമതിക്കെതിരെ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുകയുണ്ടായോ; ഇല്ലെങ്കിൽ ഉടൻ നടപടി സ്വീകരിക്കുമോ?

## ഹോർട്ടികൾച്ചർ മിഷൻ നടപ്പാക്കിയ പദ്ധതികൾ

*283 ശ്രീ. എം. എ. ബേബി
ഡോ. കെ. ടി. ജലീൽ
ശ്രീ. സാജു പോൾ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ സംസ്ഥാനത്തെ പച്ചക്കറികൃഷി വികസനത്തിന് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) മിഷന്റെ പ്രവർത്തനങ്ങൾ വഴി ഈ വർഷം ലക്ഷ്യമിട്ട പച്ചക്കറിയുടെ അധിക ഉല്പാദനം എത്രയാണ്;

(സി) മിഷൻ പുതുതായി എത്ര തോട്ടങ്ങൾ സ്ഥാപിക്കുകയുണ്ടായി; കുരുമുളക്, കശുവണ്ടി, കൊക്കോ എന്നിവയെ പുനരുദ്ധരിക്കുന്നതിന് പുതുതായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വിളവെടുപ്പിന് ശേഷമുള്ള എന്തെല്ലാം പ്രവർത്തനങ്ങളെയാണ് മിഷൻ നിയന്ത്രിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ?

## ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി

*284 ശ്രീ. ഷാഫി പറമ്പിൽ
,, ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി എത്ര പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് പ്രകാശനം ചെയ്തിട്ടുണ്ട്;

(സി) വൈജ്ഞാനിക, സാഹിത്യ പുസ്തകങ്ങൾ പ്രകാശനം ചെയ്യാൻ എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുളളത്;

(ഡി) പ്രകാശനം ചെയ്യുന്ന പുസ്തകങ്ങൾ ജനങ്ങളിലെത്തിക്കാൻ മേളകൾ സംഘടിപ്പിക്കുന്നകാര്യം പരിഗണിക്കുമോ?

## 'പാൽത്തോണി' നെല്ലിനത്തെ കുറിച്ച് ഗവേഷണം

*285 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈറേഞ്ചിലെ നെൽകർഷകർ വ്യാപകമായി ഉപയോഗിക്കുന്ന 'പാൽത്തോണി' എന്ന നാടൻ നെല്ലിനത്തിന്റെ ഗുണഗണങ്ങളെ സംബന്ധിച്ച് കൃഷി വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിലെ കർഷകർ 'പാൽത്തോണി' എന്ന നെല്ലിനം എത്രകാലമായി ഉപയോഗിച്ചുവരുന്നെന്നും ഈ നെല്ലിനത്തെ സംബന്ധിച്ചുളള കർഷകരുടെ സാക്ഷ്യം എന്തെന്നും അറിയിക്കുമോ;

(സി) രോഗകീട ബാധകൾ നന്നേകുറവും സാധാരണ വയലുകളിൽപ്പോലും ശരാശരി വിളവ് നൽകുമെന്ന് പറയപ്പെടുന്നതുമായ പ്രസ്തുത ഇനം നെല്ലിനെ കുറിച്ച് ഗവേഷണം നടത്താനും ഉത്തമമെങ്കിൽ പ്രചരിപ്പിക്കാനും നടപടി സ്വീകരിക്കുമോ ?

## ചുമട്ടുതൊഴിൽ രംഗത്തെ തട്ടിപ്പ് തടയുന്നതിന് സമിതി

*286 ശ്രീ.പി. ബി. അബ്ദുൾ റസാക്
,, റ്റി. എ. അഹമ്മദ് കബീർ
,, എൻ. എ. നെല്ലിക്കുന്ന്
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിൽ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് ശുപാർശ സമർപ്പിക്കാൻ ഒരു സമിതിയെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ സമിതിയുടെ ഘടന ഏത് വിധത്തിലായിരിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ടോ ; ഏതെല്ലാം വിഭാഗത്തിലെ വിദഗ്ധരെയാണ് സമിതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(സി) നോക്കുകൂലി, അട്ടിമറിക്കൂലി എന്നിവ തടയുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചുകൂടി ശുപാർശ സമർപ്പിക്കാൻ പ്രസ്തുത സമിതിയെ ചുമതലപ്പെടുത്തുമോ ;

(ഡി) ചുമട്ടുതൊഴിലാളികളല്ലാത്ത പ്രദേശവാസികൾ നാട്ടുകാരെ ഭീഷണിപ്പെടുത്തി നോക്കുകൂലി ബലമായി പിരിച്ച് തൊഴിൽ മേഖലയ്ക്ക് ചീത്തപ്പേരുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യവും പ്രസ്തുത സമിതിയുടെ പരിശോധനയിൽ ഉൾപ്പെടുത്തുമോ ;

(ഇ) ചുമട്ടുതൊഴിലാളികാർഡുകൾ മറിച്ചുവില്പന നടത്തുകയും, കാർഡുടമകൾ തൊഴിൽ കീഴ്ക്കരാർ നല്കുകയും ചെയ്യുന്ന പ്രവണത വ്യാപകമായുണ്ടെന്ന് അറിവുണ്ടോ ; എങ്കിൽ ഇത് തടയാനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കുമോ ;

(എഫ്) അംഗീകൃത ചുമട്ടുതൊഴിലാളികൾ യൂണിഫോറത്തിനൊപ്പം പേരും കാർഡ് നമ്പരും പ്രദർശിപ്പിക്കുന്നതും ചെയ്ത തൊഴിലുനുള്ള കൂലി കൈപ്പറ്റിയതിനുള്ള ഇനം തിരിച്ച രസീത് അപ്പപ്പോൾ സേവനാർത്ഥികൾക്ക് നല്കുന്നതും കർശനമാക്കുമോ ?

## കാർഷിക വിളകളുടെ വിലനിലവാരം

*287 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എ. കെ. ബാലൻ
,, സി. കെ. സദാശിവൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷിക വിളകളുടെ വിലനിലവാരം സംബന്ധിച്ച് കൃഷിവകുപ്പ് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) കാർഷിക വിളകളുടെ ശരാശരി വിലയും ഉല്പാദന ചെലവും സംബന്ധിച്ച് ലഭ്യമായ ഏറ്റവും ഒടുവിലത്തെ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഉല്പാദനചെലവിലുണ്ടായ വർദ്ധനക്കനുസൃതമായി വിളകളുടെ വിലനിലവാരത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ;

(ഡി) ഏതെങ്കിലും വിളയുടെ കാര്യത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ നേട്ടം ശരിയായ ഉല്പാദകർക്ക് ലഭിക്കുന്നു എന്ന് കരുതുന്നുണ്ടോ;

(ഇ) ഇടനിലക്കാർ ലാഭം കൊയ്യുന്ന സ്ഥിതിവിശേഷം നിലവിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഗ്രാമീണ റോഡ് പദ്ധതിയിൽ കേന്ദ്രവ്യവസ്ഥകൾ

*288 ഡോ. കെ. ടി. ജലീൽ
ശ്രീ. എം. എ. ബേബി
,, വി. ചെന്താമരാക്ഷൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതിയിൽ കേന്ദ്രം പുതിയ വ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഇത് കേരളത്തിലെ ഗ്രാമീണ റോഡ് പദ്ധതിയെ എങ്ങിനെ ബാധിക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ കേന്ദ്ര നിർദ്ദേശത്തെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ നിലപപാട് വ്യക്തമാക്കാമോ?

# ഖാദി ഉൽപ്പന്നങ്ങളുടെ വിപണനം

*289 ശ്രീ. എം.എ. വാഹീദ്
,, സി.പി. മുഹമ്മദ്
,, എം.പി. വിൻസെന്റ്
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി ഉൽപന്നങ്ങളുടെ വിപണി വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിപണന സാധ്യതയുള്ള വസ്തുക്കൾ നിർമ്മിക്കുവാൻ ഖാദി ബോർഡ് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ മികച്ച ഖാദി കേന്ദ്രമാക്കി മാറ്റുവാൻ നടപടി എടുക്കുമോ?

## തൊഴിലിടങ്ങളിൽനിന്ന് മോചിപ്പിക്കപ്പെടുന്ന കുട്ടികളുടെ പുനരധിവാസം

*290 ശ്രീ. മഞ്ഞളാംകുഴി അലി
,, കെ. എം. ഷാജി
,, സി. മമ്മൂട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികളെക്കൊണ്ട് തൊഴിൽശാലകളിലും, ഹോട്ടലുകളിലും മറ്റു സ്ഥാപനങ്ങളിലും തൊഴിൽ ചെയ്യിക്കുന്നതു തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) അതിൽനിന്നും മോചിപ്പിക്കപ്പെടുന്ന കുട്ടികളുടെ പുനരധിവാസത്തിന് ഏർപ്പടുത്തിയിട്ടുളള സംവിധാനങ്ങളും സ്വീകരിക്കുന്ന നടപടികളും വ്യക്തമാക്കുമോ:

(സി) കുട്ടികളെ ഇവിടങ്ങളിൽ തൊഴിൽ തേടാൻ നിർബന്ധിതരാക്കുന്ന കാരണങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) തൊഴിലിടങ്ങളിൽ നിന്നും മോചിപ്പിക്കപ്പെടുന്ന കുട്ടികളുടെ കുടുംബപശ്ചാത്തലവും ദാരിദ്ര്യാവസ്ഥയും അന്വേഷിക്കുന്നതിനും തൊഴിൽതേടാൻ കുട്ടികളെ നിർബന്ധിതരാക്കുന്ന കാരണങ്ങളുണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനുളള സംവിധാനമെന്തെങ്കിലും നിലവിലുണ്ടോ;

(ഇ) ഇത്തരം കുട്ടികളുടെ പുനരധിവാസത്തിനും വിദ്യാഭ്യാസത്തിനും, നിലവിലുളള സംവിധാനമെന്താണ്; സാമൂഹ്യക്ഷേമ വകുപ്പുമായി ഏകോപിച്ചുളള നടപടിയുണ്ടോ; വിശദമാക്കുമോ;

(എഫ്) 2010 ലും 2011 ലും ഈ വിധത്തിൽ മോചിപ്പിച്ച കുട്ടികളുടെ വിശദവിവരം നല്കാമോ?

## കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ

*291 ശ്രീ. പി.കെ. ബഷീർ
,, കെ.എൻ.എ. ഖാദർ
,, വി.എം. ഉമ്മർ മാസ്റ്റർ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ സ്ഥാപിച്ചപ്പോൾ ഉണ്ടായിരുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വിശദമാക്കുമോ ;

(ബി) കോർപ്പറേഷന്റെ പ്രവർത്തനത്തിൽ പിൽക്കാലത്ത് എന്തൊക്കെ പുതിയ മാറ്റങ്ങളാണ് വരുത്തിയിട്ടുളളത് എന്ന് വ്യക്തമാക്കുമോ;

(സി) നബാർഡിന്റെ സഹായത്തോടെയുളള റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ച് കെ.എൽ.ഡി.സി. ഏറ്റെടുത്ത് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികളേതെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) വികസന ഏജൻസികൾ മുഖേനയുളള ഏതൊക്കെ പദ്ധതികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്;

(ഇ) പ്രതിവർഷം എന്തു തുകയ്ക്കുളള പദ്ധതികളാണ് കോർപ്പറേഷന് ലഭിക്കാറുളളത്;

(എഫ്) ഈ കോർപ്പറേഷൻ ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് വിശദമാക്കാമോ?

## കാര്‍ഷിക മേഖലയില്‍ ആധുനികവല്ക്കരണം

*292 ശ്രീ. എളമരം കരീം
,, എ. കെ. ബാലന്‍
,, കെ. സുരേഷ് കുറുപ്പ്
,, എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക മേഖലയില്‍ ഫലപ്രദമായ ആധുനികവല്‍ക്കരണം നടപ്പാക്കാന്‍ കൃഷിവകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി പുതിയ തലമുറ കാര്‍ഷിക രംഗത്തുനിന്ന് അകന്നുപോകുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) കാര്‍ഷിക ഉല്പാദനചെലവുകളും ജീവിതചെലവുകളും വര്‍ദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തില്‍ കൃഷിക്കാരെ ഈ രംഗത്ത് നിലനിര്‍ത്താനുതകുന്ന എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

## സംസ്ഥാനത്തെ ചുമട്ട്കൂലി ഏകീകരിക്കുന്നതിന് നടപടി

*293 ശ്രീ. കെ. കെ. നാരായണൻ
,, പി. കെ. ഗുരുദാസൻ
,, സി. കൃഷ്ണൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചുമട്ട്കൂലി ഏകീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ ;

(ബി) ഇതിനായി ഈ മേഖലയിലെ തൊഴിലാളി യൂണിയനുകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ?

<u>പുനരധിവാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ</u>

*294 ശ്രീ. സി. കെ. നാണു
,, മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനരധിവാസ വകുപ്പിന്റെ കീഴിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്;

(ബി) ഇവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾക്കുവേണ്ടി എത്ര തുക യാണ് ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുളളത്; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ആഭ്യന്തര പാൽ സംഭരണം

*295 ശ്രീ.എസ്. രാജേന്ദ്രൻ
,, എ. പ്രദീപ്കുമാർ
ശ്രീമതി. കെ. എസ്. സലീഖ
ശ്രീ.ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവശ്യമായ പാൽ ആഭ്യന്തരമായി സംഭരിക്കാൻ സാദ്ധ്യമാകുന്നുണ്ടോ ; അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതായി വരുന്നുണ്ടോ ;എങ്കിൽ എപ്പോൾ ; മൊത്തം പാൽ സംഭരണവും വിതരണവും തമ്മിലുള്ള അന്തരം വിശദമാക്കാമോ ;

(ബി) പാലിന്റെയും ക്ഷീര ഉല്പന്നങ്ങളുടെയും ആവശ്യം വർഷന്തോറും വർദ്ധിക്കുകയാണോ ; എങ്കിൽ ഉല്പാദന ലക്ഷ്യവും അതിനനുസൃതമായ വികസന പദ്ധതികളും നിലവിലുണ്ടോ ?

## കിസ്സാൻ ക്രെഡിറ്റ് കാർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

*296 ശ്രീ. വി. ഡി. സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. അച്ചുതൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിസ്സാൻ ക്രെഡിറ്റ് കാർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ എത്ര ശതമാനം കർഷകർക്ക് ഇത് വിതരണം ചെയ്തിട്ടുണ്ട്;

(സി) ഇത് വിപുലമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ഡി) സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും കാർഡ് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

## മാംസോല്പാദനം

*297 ശ്രീ. പി. റ്റി. എ. റഹീം
,, റ്റി. വി. രാജേഷ്
,, വി. ശിവന്‍കുട്ടി
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ വിവിധ ഇനം മാംസ ഉല്പാദനവും മാംസത്തില്‍ ആവശ്യവും തമ്മിലുള്ള അന്തരം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ;

(ബി) ഉല്പാദനം വര്‍ദ്ധിപ്പിക്കുന്നതിന് പുതിയ എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(സി) ഏതെല്ലാം ഇനം മാംസം നമുക്കു ആവശ്യമുണ്ടെന്നും അവയില്‍ ഏതെല്ലാം അന്യ സംസ്ഥാനങ്ങളില്‍ നിന്നും ഇറക്കുമതി ചെയ്യുന്നുവെന്നും വ്യക്തമാക്കുമോ?

ഗ്രാമീണ റോഡ് വികസന നടപടി

*298 ശ്രീ. ബെന്നി ബെഹനാൻ
,, കെ. അച്ചുതൻ
,, അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡ് വികസന കാര്യത്തിൽ കേരളത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) ഗ്രാമീണ റോഡ് വികസനത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നിബന്ധനകൾക്ക് ഇളവുനൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എത്ര കോടി രൂപ ഇതിനായി കേന്ദ്രം അനുവദിക്കുകയുണ്ടായി ; വിശദാംശങ്ങൾ എന്തെല്ലാം ?

## ഇളനീരിന്റെ വിപണന സാദ്ധ്യത

*299 ശ്രീ. കെ. രാധാകൃഷ്ണൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, പുരുഷൻ കടലുണ്ടി
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിലെ ശീതളപാനീയ നിർമ്മാതാക്കൾ സംസ്ഥാനത്തു നിന്നും വൻതോതിൽ ഇളനീർ വാങ്ങുന്നതിന് താല്പര്യം പ്രകടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി കേര കർഷകർക്ക് ഏറ്റവും ആശ്വാസമേകുന്ന ഇക്കാര്യം പ്രയോജനകരമാക്കുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാക്കാമോ ?

## സേവനമേഖലകളിൽ സഹകരണ സംഘങ്ങളുടെ വിപുലീകരണം

*300 ശ്രീ. സണ്ണി ജോസഫ്
,, ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളെ സേവന മേഖലയാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ബി) സഹകരണ സംഘങ്ങൾ ഇപ്പോൾ ഏതെല്ലാം മേഖലകളിലാണ് സേവനങ്ങൾ നടത്തിവരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരോഗ്യം, ടൂറിസം, പൊതുവിതരണം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ഇവയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2011 ഒക്ടോബർ 3.

പി. ഡി. രാജൻ,
സെക്രട്ടറി